# little KITEs




PARASSINI.COM

## ആശംസകളോടെ........

പറശ്ശിനിക്കടവ് ഹയർ സെക്കൻഡറി സ്കൂൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട് .വിദ്യാലയങ്ങൾ എന്നത് കേവലം പാഠപുസ്തകങ്ങളിലൂടെ അറിവ് നേടാനുള്ള കേന്ദ്രം മാത്രമല്ല വിദ്യാർഥികളുടെ സർഗ്ഗശേഷി കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കാനുള്ള കേന്ദ്രം കൂടിയാണ് .ആധുനിക കാലഘട്ടത്തിൽ കടലാസുകളുടെ ഉപയോഗം കുറച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്കാണ് ലോകം മുഴുവൻ കൈകോർത്തിരിക്കുന്നത് .നമ്മൾ ജീവിക്കുന്നത് ഡിജിറ്റൽ യുഗത്തിലാണ്, എല്ലാ മേഖലകളിലും ശാസ്ത്ര സാങ്കേതിക വിദ്യകളുടെ കടന്നു വരവിന്റെ സമയമാണ്, ഈ അവസരത്തിൽ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ പ്രാധാന്യം എടുത്തു പറയേണ്ട കാര്യമാണ് . സാങ്കേതികവിദ്യകളിൽ അഭിരുചിയുള്ള കുട്ടികൾക്ക് കൂടുതൽ അറിവ് നേടുന്നതിനും പ്രവർത്തന പരിശീലനം നേടുന്നതിനും നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിച്ചു വരുന്നുണ്ട് .അതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഈ ഡിജിറ്റൽ മാഗസിൻ .ഇതിന്റെ അണിയറ ശില്പികൾക്ക് എല്ലാ നന്മകളും ആശംസിക്കുന്നു.

**പി പത്മനാഭൻ**
**Headmaster**

LITTLE KITES

# ഉള്ളടക്കം

.....................................................................................................................................3
ഇല കൊഴിയുമ്പോൾ......................................................................................................4
മരം...................................................................................................................................6
അന്നു നിന്റെ മിഴി.......................................................................................................7
.................................................................................................................................8
പ്രകൃതി..............................................................................................................................8
അമ്മുവിന്റെ ജീവിതാനുഭവം........................................................................................9
തോറ്റം.............................................................................................................................11
ജീവിതം തോറ്റം പോലെ..................................................................................................12
നിലാവ്.............................................................................................................................13
.....................................................................................................................................14
കാത്തിരിപ്പ്.....................................................................................................................14
ഒരു വിളിയും കാത്ത്......................................................................................................15
ഏകാകി............................................................................................................................16
त्रं.......................................................................................................................................18

# ഇല കൊഴിയുമ്പോൾ

ഒറ്റപെടൽ എന്നത് ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഞാൻ സന്തോഷിച്ചത് മരണം വരെ കൂടെ ഒരാളുണ്ടായിരുന്നു എന്നതായിരുന്നു. ആ മാവ് ......എന്റെ തേന്മാവ്. ഭ്രാന്തൻ എന്നും ബാധയെന്നും ആളുകൾ പറഞ്ഞു. പക്ഷെ എനിക്ക് വിശ്വാസമുണ്ടായിരുന്നു എന്നിൽ . എഴുന്നേറ്റു , ശുദ്ധിയായി, വെള്ളമൊഴിച്ചു . ചാരുകസേര എടുത്തിട്ടു, ഇരിക്കയായി. സംസാരിക്കയായി .വഴില് രമണിയേച്ചി പോകുന്നുണ്ടായിരുന്നു . അവർ വീട്ടു മുറ്റത്തേക്ക് കേറി വന്നു. വിമ്മിഷ്ടിച്ച് നിന്നു. ഞാൻ ചോദിച്ചു "എന്താണ് രമണിയേ , കണ്ടിട്ട് കുറേ ആയല്ലോ ?" രമണി പറഞ്ഞു " മകൻ വന്നിരുന്നു . വീടും പറമ്പും " . "വയസ്സായി വയ്യാതെ ആയി. പക്ഷെ സ്നേഹത്തിനും ബുദ്ധിക്കും ശൂന്യം സംഭവിച്ചിട്ടില്ല. രമണിക്ക് പോകാം " . രമണി വിക്കി വിക്കി പറഞ്ഞു " എന്നാലും മകനല്ലേ നല്ലതിനല്ലേ " ദേഷ്യം സഹിക്കാൻ വയ്യാതെ ഞാൻ , " ആരു പറഞ്ഞു ഈ വിഡ്ഢിത്തം നല്ലതത്രേ , ആർക്ക് നല്ലത് ഈ പറമ്പിൽ അവൻ കാലുകുത്തരുത് , അവന് മടുത്തു കാണും , കാശ് വേണ്ടി വരും . അല്ലേലും ഇപ്പോഴത്തേ കാലത്ത് എളുപ്പ വഴിയുണ്ടല്ലോ , വൃദ്ധസദനങ്ങൾ " . രമണി പോയി . ഞാൻ അവിടെ ഇരുന്നു. " എന്നും എല്ലാം കാണേം കേൾക്കം ചെയ്യുന്നില്ലേ നീ . എനിക്ക് വയസ്സായി പഴേ പോലെ കിണറ്റിന് വെള്ളം കോരാൻ കഴീണില്ല . ഇലയൊക്കെ കൊഴിയുന്നുണ്ടല്ലേ , നോവുന്നുണ്ടോ നിനക്ക് ?" . കുറച്ച് നേരം നിശബ്ദം മാത്രം.

ഞാൻ മാവിൻ ചുവട്ടിലെ ഇലയോക്കെ പെറുക്കി എടുത്തു. അതെല്ലാം കൂട്ടിയിട്ടു . വൃദ്ധനായെങ്കിലും ആ പറമ്പും പരിസരവും വൃത്തിയായി സൂക്ഷിക്കുകന്നത് ഒരു ശീലമായിരുന്നു..

പിറ്റേന്ന് രാവിലെ വീട്ടു മുറ്റത്ത് സംസാരം കേട്ട് ഞാൻ വെളിയിലേക്കിറങ്ങി.രണ്ട് മൂന്ന് പേർ ഉണ്ടായിരുന്നു . ഞാൻ സംശയ പൂർവ്വം ചോദിച്ചു . "ആരാണ് മനസ്സിലായില്ല ". ഗൗരവമായ മറുപടി "വക്കീലാണ് , മകൻ സുധീഷാണ് പറഞ്ഞത്. അച്ഛന് വയസ്സായി, പറമ്പിന്റെ അവകാശം മകനിലേക്കാണല്ലോ . ദൈവഹിതം നമുക്കറിയില്ലല്ലോ. മരണത്തിന് മുൻപ് എന്തെങ്കിലും ചെയ്യണം പണത്തിന് അത്യാവശ്യമുണ്ട്. " "പണത്തിന് ആവശ്യമുണ്ടെങ്കിൽ ഗൾഫിൽ എന്തായിരുന്നു പണി. പറമ്പ് തന്നെ വിൽക്കണോ? ഇവനെ പറമ്പിലെ ഒറ്റോന്നും മുറിക്കാൻ ഞാൻ അനുവദിക്കില്ല. ചേമ്പും,ചേനയും , വാഴയും , തെങ്ങും ഇവന്റെ വിയർപ്പിൽ ഉണ്ടായതല്ലല്ലേ ഇതിന്റെ മൂല്യം അവന് അറിയൂ." "അങ്ങനെ ആക്കാം പറമ്പിലെ മറ്റൊന്ന് വെട്ടുകയോ, ഒന്നും ചെയ്യില്ല " വക്കീലിന്റെ തിടുക്കൻ മറുപടി വന്നു. "എനിക്കങ്ങനെ വിട്ട് കൊടുക്കാൻ കഴിയില്ല.. എഴുതാറാമുമ്പോൾ അറിയിക്കാം ഇപ്പോൾ എറങ്ങാം ". വക്കീലിന് പറയാനുണ്ടായിരുന്നു എങ്കിലും ഇറങ്ങി നടന്നു.

ഞാൻ പതിവ് പോലെ മാവിനോട് കുശലം ചൊദിക്കാൻ തുടങ്ങി . മാവും ഞാനും മാത്രമായ നിമിഷങ്ങളിൽ ഒറ്റപ്പെടലും വേദനയും എന്തെന്ന് ഞാനറിഞ്ഞില്ല

വാർദ്ധക്യ പ്രശ്നങ്ങൾ എന്നെ അലട്ടി ' നടക്കാൻ ബുദ്ധിമുട്ടായി കിടപ്പറയിൽ നിന്ന് എഴുന്നേറ്റ് വരാൻ ചുമരും ജനലും പിടിക്കേണ്ടി വന്നു. അങ്ങനെ മാവുമായുള്ള ബന്ധം കുറഞ്ഞു വന്നു. ദാഹം ഇരുവർക്കും ഉണ്ടായിരുന്നു. മാവിന്റെ ചുവട് വരണ്ട മരുഭൂമി പോലെ തരിശായി മാറി. അതിന് ചുറ്റും കരിയിലകൾ മാത്രം എനിക്ക് ദേഹമാസകലം വേദനയുണ്ടായി മനസ്സിന് അതിലേറയും . പറമ്പുമായുള്ള ബന്ധം ഘട്ടം ഘട്ടമായി മുറിഞ്ഞു. വെള്ളമൊഴിക്കലും സംസാരവും വൃത്തിയാക്കലും വല്ലപ്പോഴുമായി. മാവിന്റെ ശാഖകൾ ഇല കൊഴിഞ്ഞ് ശൂന്യമായി
'

താൻ ഒറ്റപ്പെട്ടു എന്ന ചിന്ത എന്നെ അലട്ടി കൊണ്ടിരിന്നു. തന്റെ മരണം അടുത്തുവോ? ഞാൻ പാടുപെട്ട് എഴുന്നേറ്റ് വേച്ചു വേച്ച് കിണറ്റിൻ കരയിൽ എത്തി. തൊട്ടി ശൂന്യം. കിണറ്റിൽ നിന്ന് വെള്ളം എടുത്ത് മാവിനടുത്തേക്ക് നീങ്ങി. ജലത്തോടപ്പം കയ്പേറിയ കണ്ണീരും മാവിനേകി ' ചാരുകസേരയിൽ കരിയിലകൾ നിറഞ്ഞിരുന്നു അത് തട്ടി മാറ്റി. ഇരുന്നു. പിന്നെ മാവിനെ നോക്കി മൊഴിഞ്ഞു " മണ്ണിൽ നിന്നും വന്ന നിന്നോടപ്പം ഞാനും മണ്ണിലേക്ക്...........”

**എയ്ഞ്ചൽ വർഷ**

**IX C**



LITTLE KITES


# മരം

കുഞ്ഞിക്കിളികൾക്ക് കൂടുകൂട്ടാൻ
ഉണ്ണിക്കിടാങ്ങൾക്ക് ഊഞ്ഞാലിടാൻ
പൊള്ളുന്ന വെയിലത്ത് തണലേകിടാൻ
വേണല്ലോ മരം നമുക്കെന്നും
വെട്ടരുതേ മരം നട്ടിടുവിൻ
മക്കൾക്ക് തുല്യമായ് കരുതിടേണം
ഇനിവരും തലമുക്കായി നമ്മൾ
കരുതണം മാമരകൂട്ടങ്ങളെ




## വിഷ്വ മനോഹരൻ

8th D




# അന്നു നിന്റെ മിഴി

അന്നുനിന്റെ മിഴി ഇത്ര തുറന്നിട്ടില്ല.
അന്നു നിന്റെ മിഴി ഇത്ര കറുത്തിട്ടില്ല.
കണ്ണും പീലിയും കാണാതെ കൺചിമ്മിയിരുന്നു.
നിൻ മിഴി ഞാൻ കണ്ടു. എൻ മുഖം കണ്ടു കണ്ടു ഇരുന്നു.
പൊൻമിഴി ഞാൻ കണ്ടു
കൺകുളർക്കെ കണ്ടു ഞാൻ നിന്നെ
അന്നു നിന്റെ മിഴി ഇത്ര കറുത്തിട്ടില്ല.
പൊൻമിഴി ഒരിക്കല്ലും മറന്നിട്ടില്ല
പണ്ട് നീ എന്നെ നോക്കി നിന്നതു മറന്നിട്ടില്ല.
നിന്റെ കണ്ണ് അടിയിൽ വീണതും ഞാൻ മറന്നിട്ടില്ല.
ഒരിക്കലും മറക്കുകയില്ല നിൻ ഓർമ്മകൾ
എൻ ഹൃദയത്തിൽ ചേർത്തുവച്ചിടുന്നു
നിന്നെ ഞാൻ..... പൊൻമാനെ
എന്റെ പൊൻ മാനെ............

**ആഗ്നേയ ശാന്ത്**

**8 B**

# പ്രകൃതി

ഉണർത്തീടുന്നു ലോകത്തെ
പ്രഭാതത്തിലെ കോകില ഗാനങ്ങൾ
ആ ഗാനത്തിൽ പൂക്കൾ
നൃത്തം വെച്ചീടുന്നു !!!
മർമ്മര ശബ്ദത്തോടെ
തെങ്ങുകൾ ആടി ഉലയുന്നു
ഒഴുകുന്ന പുഴകൾ
കളകളാരവത്തോടെ

ലോകത്തെ ഇരുട്ടിലാക്കി
കടന്നുവരുന്നിതാ രാത്രി
ചന്ദ്രന്റെ ശോഭയിൽ പ്രകാശിക്കുന്നിതാ
ലോകം
പ്രകാശപൂരിതമാക്കുന്നിതാ രാത്രിയെ
ചന്ദ്രനും നക്ഷത്രങ്ങളും
ഇനിയും ആവർത്തിച്ചിടട്ടെ ഈ
പ്രകൃതി സുന്ദര കാഴ്ചകൾ

നിവേദ്യ സ്നേഹജൻ
8 എ



LITTLE KITES

# അമ്മുവിന്റെ ജീവിതാനുഭവം

അമ്മു, അവൾ എല്ലാവരുടെയും പ്രിയപ്പെട്ടവൾ. ഒരു ചെറിയ ഗ്രാമത്തിലാണ് അവളുടെ വീട്. വളരെ അധികം ദുരിതവും കഷ്ടപ്പാടും ബുദ്ധിമുട്ടും അനുഭവിക്കുന്നവളാണ് അമ്മു. തന്റെ ചെറിയ പ്രായത്തിൽ തന്നെ അവളുടെ അമ്മ ഈ ലോകം വിട്ടുപിരിഞ്ഞു. അതുകൊണ്ട് ചെറിയ പ്രായത്തിൽ തന്നെ വീട്ടു ജോലിക്കളെല്ലാം പഠിച്ചു. അച്ഛനായിരുന്നു അവളുടെ ലോകം അമ്മുവിന് ആദ്യം തന്റെ അമ മരണപ്പെട്ടതായിരുന്നുവെന്ന് അറിയില്ല പിന്നീട് വലിയ കുട്ടിയായപ്പോളാണ് അറിയുന്നത്. അമ്മ പോയതിനു ശേഷം അവൾ അച്ഛന്റെയും ചേട്ടന്റെയും കൂടെയായിരുന്നു. അവൾ അമ്മയുടെ വീട്ടിൽ പോകാറില്ല.
ക്ലാസ്സുകളിൽ അമ്മു ആദ്യമായിരുന്നു. ടീച്ചറുടെ പ്രിയങ്കരിയായിരുന്നു. പഠിതത്തിൽ മുന്നിട്ടു നിൽക്കുന്നവൾ എല്ലാവിധ സ്കോളർഷിപ്പ് നേടിയിട്ടുണ്ട്. അങ്ങനെ അവൾ 8-ാം തരത്തിൽ പഠിക്കുമ്പോൾ 'കോറാണ' എന്ന മഹാമാരി വന്നു. സ്ക്കുളുകൾ അടച്ചു പിന്നീട് കുറെ നാൾ ക്ലാസ്സിലായിരുന്നു. കൊറോണ വന്ന് സ്ക്കൂളുകൾ അടച്ച സമയത്താണ് അവൾ അമ്മയുടെ വീട്ടിലേക്ക് പിന്നീട് പോകുന്നത് പിന്നീട് അമ്മു  വർഷത്തോളം അവൾ അവിടെ താമസിച്ചു. 'കൊറോണ' സമയം ഓൺലൈൻ ക്ലാസ് വന്നതോടെ അവൾ പഠിതത്തിൽ പിന്നോട്ടായി. അവളുടെ മനസ്സിലുള്ള പഠിക്കാനും തന്റെ സ്വപ്നങ്ങൾ നേടണമെന്നാഗ്രഹം പതുക്കെ മാഞ്ഞു തുടങ്ങി. ഓൺലൈൻ ക്ലാസുകളുടെ അന്ത്യത്തോടെ അവൾ പഠിതത്തിൽ മുൻനിരയിലെത്തി. പിന്നീട് പഴയെ പോലെ പഠിക്കാൻ തുടങ്ങി. ഈ സമയത്തു തന്നെ അവൾ വീട്ടു ജോലി വളരെ ഭംഗിയായി ചെയ്യുമായിരുന്നു. അങ്ങനെ പത്താം ക്ലാസിൽ പഠിക്കുമ്പോൾ അവൾ നല്ല മാർക്ക് വാങ്ങി ജയിച്ചു പിന്നീട്+1 എത്തിയപ്പോൾ അവളുടെ ആഗ്രഹം അനുസരിച്ചു പഠിക്കാൻ തുടങ്ങി.




സിവിൽ സർവീസ് എടുത്ത് ഒരു ജില്ലയുടെ മേധാവിയാക്കുവാനാണ് അവളുടെ ആഗ്രഹം. അതിന്റെ കഠിനപ്രയത്നം അവൾ പണ്ടു തന്നെ തുടങ്ങിയിരുന്നു. അമ്മു വളരെ അധികം സങ്കടങ്ങൾ ഈ കാലയളവിൽ അനുഭവിച്ചിരുന്നു.പക്ഷെ അതൊന്നും അവൾ ആരോടും പറയാതെ ഉള്ളിൽ കൊണ്ട്നടക്കുകയാണ്. സുഹൃത്തുക്കളെപ്പോലും അവൾക്ക് വിശ്വാസമില്ലായിരുന്നു സുഹൃത്തുക്കൾ എല്ലാം അവളെ വേദനിപ്പിക്കുകയും അവഗണിക്കുക മാത്രമായിരിന്നു. അവൾ സ്വന്തമെന്നു കരുതിയവർ അവളെ തനിച്ചാക്കി പോയിരുന്നു. അതു കൊണ്ട് സുഹൃത്തുക്കളെ അവൾ ആധികം വിശ്വസിച്ചിരുന്നില്ല. അങ്ങനെ ഇരിക്കുമ്പോഴാണ് അവളുടെ ഏട്ടന്റെ സഹൃത്തുമായി നല്ലൊരു സുഹൃത്ത് ബന്ധം ലഭിച്ചത്.

അങ്ങനെ അവർ നല്ല സുഹൃത്തക്കളായി പിന്നീട് ഇവരുടെ സുഹൃത്ത് ബന്ധം വളരെ മനോഹരമായി മുന്നോട്ടു പോയി തുടങ്ങി. അവന്റെ വീട്ടിൽ പോവുകയും അവിടെ അച്ഛനും അമ്മയും ചേച്ചിയുമായി വളരെ അധികം അടുത്തു. പിന്നീട് അമ്മു അവന്റെ അച്ഛനെയും അമ്മയേയും അങ്ങനെ തന്നെ വിളിച്ചു തുടങ്ങി അത്ര മാത്രം അവരുടെ സുഹൃത്ത് ബന്ധം മുന്നോട്ടു പോയി. അമ്മുവിന്റെ സങ്കടങ്ങൾ പിന്നീട് അവന്റെയും സങ്കടമായി തീർന്നു അവൾക്ക് എന്തെങ്കിലും ഒരു അസുഖമോ വയ്യായികയോ ഉണ്ടെന്ന് അറിഞ്ഞാൽ അവന്റെ വീട്ടുകാർ സ്വന്തം മകളെ പോലെ കണ്ട് പരിചരിക്കുകയും ചെയ്യും. അവളുടെ ലോകത്തിൽ വിശ്വസ്തനായ ഒരാളായിരുന്നു ഇവൻ. അത്രമേൽ ഇവനിൽ അവൾ വിശ്വാസിച്ചിരുന്നു ഇടയ്ക്ക് ഇടയ്ക്ക് അവൾ അവന്റെ വീട്ടിൽ പോകാറുണ്ട് എല്ലാവരെയും കാണാറുമുണ്ട്. അവളുടെ സങ്കടങ്ങളും പരിഭവങ്ങളും അവനും അവൾ മാത്രമായി ഒതുങ്ങി നിൽക്കുന്നു.

ഇവനെ നല്ലൊരു സുഹൃതായി ലഭിച്ചതിൽ അവൾ ഒട്ടേറെ സന്തോഷവതിയാണ്. അവന്റെ നല്ലൊരു സുഹൃത്തായതിൽ.ഈ സുഹൃത്ത് ബന്ധം പിന്നീട് പ്രണയമയുകയും അവർ ഒരുമിച്ച് ജീവിക്കുക ചെയ്തു

ആഗ്നേയ ശാന്ത്
8 B

# തോറ്റം



പുന്നെൽപ്പാടം . പാടത്തിന്റെ നടുവശത്ത് തെയ്യത്തിന്റെ തറ കെട്ടിയിരിക്കുന്നു. അരങ്ങിന്റെ വേദിയിലേക്ക് അതീവ തേജസ്സാൽ ജ്വലിക്കുന്ന മെയ്യഴകോടെ രണ്ടു സഹായികളുടെ കൈപിടിച്ച് തെയ്യം കടന്നുവരുന്നു. ആളുകളെല്ലാം ഭക്തിയോടെ എഴുന്നേറ്റു . കൂരിരുട്ടിലും മന്ദപ്പൻ തെയ്യത്തിന്റെ ജ്വലിക്കുന്ന മുഖത്താൽ അവിടം മുഴുവൻ പ്രകാശം നിറഞ്ഞിരുന്നു. പാടത്തിന്റെ നാലു പുറത്തിലും ആളുകൾ നിറഞ്ഞു തിങ്ങി . തറയുടെ മേലുള്ള വലിയ വിളക്കിന്റെ അരികെ നിന്ന് മന്ദപ്പൻ തെയ്യത്തിന്റെ തോറ്റം പാടുന്നു.

പെട്ടെന്നവന്റെ മനസ്സിലേക്ക് മുത്തശ്ശി പറഞ്ഞു തന്ന മന്ദപ്പൻ തെയ്യത്തിന്റെ വീരകഥ കടന്നുവന്നു. അതീവ മെയ്യഴകും അതിശക്തനുമായ മന്ദപ്പൻ. ആർക്കും തോൽപ്പി -
ക്കാൻ കഴിയാത്ത ആരോടും തോറ്റുകൊടുക്കാത്ത വില്ലാളിവീരൻ . തന്റെ കരുത്താൽ ഒരു നാടിനെ ശത്രുക്കളിൽ നിന്ന് സംരക്ഷിച്ച വില്ലാളി വീരൻ .ഭാര്യയായ ചെമ്മരത്തിയെ അതിയായി സ്നേഹിച്ചിരുന്നവൻ. ശത്രുക്കളിൽ നിന്ന് ജയിച്ച് വീട്ടിലെത്തിയ അവൻ ചെമ്മരത്തി അണിയിച്ച മോതിരവിരൽ കാണാതായതിനാൽ അത് പരതി ഇറങ്ങിയതോടെ ശത്രുക്കളുടെ ചതിയാൽ കൊല്ലപ്പെട്ടു. മന്ദപ്പന്റെ ജ്വലിക്കുന്ന ചിതയിൽ ഭ്രാന്തിയായി ഓടിപ്പോകുന്ന ചെമ്മരത്തിയുടെ ഭർത്താവിനോടുള്ള സ്നേഹം . എല്ലാം അവന് ഓർമ്മ വന്നു. അവന് അതിയായ ഭക്തിയും സ്നേഹവും ആ തെയ്യത്തിനോട് തോന്നി.

കളിയരങ്ങിന്റെ നടുവിൽ തോറ്റം പാട്ടും കഴിഞ്ഞ് സാഹിത്യകഥകളിൽ പറഞ്ഞിരിക്കുന്ന പോലെ മന്ദപ്പന്റെ ആയുധാഭ്യാസങ്ങൾ അരങ്ങേറുകയാണ്. ഉറിമി വാൾ കൊണ്ടുള്ള അഭ്യാസപ്രകടനത്തിൽ ജനങ്ങളെല്ലാം മുഴുകിയിക്കുകയാണ് . ആ കാഴ്ചയിൽ മുഴുകിയിരിക്കുകയാണ്. . ആ കാഴ്ചയിൽ മുഴുകിയിരുന്ന അവന് ആത്മധൈര്യവും ഉശിരും കൂടി സ്വബോധം നഷ്ടപ്പെട്ട് അവൻ മന്ദപ്പൻ തെയ്യത്തിന്റെ ഉറ കൂടി അരങ്ങിലേക്ക് കടന്നു പോകുകയാണ്.

പെട്ടെന്ന് അവന് തന്നെ ആരോ പിടിച്ചുണർത്തുന്നതായി തോന്നി. " ഉണ്ണീ , മോനെ . എത്ര സമയമായി വിളിക്കുന്നു.വേഗം എണ്ണീക്ക്. " " ഇന്ന് നിനക്ക്സ്കൂളിൽ മന്ദപ്പൻ തെയ്യത്തിന്റെ കഥാസ്വാദനം അവതരിപ്പിക്കേണ്ടതല്ലേ ."

പെട്ടെന്നാണവന് താൻ സ്വപ്നം കണ്ടതാണെന്ന് മനസ്സിലായത് . അവൻ ആ വീരകഥയുടെ ആസ്വാദനക്കുറിപ്പ് എടുത്ത് സുരക്ഷിതമായി ബാഗിൽ വെച്ചു. മന്ദപ്പൻ തെയ്യത്തിന്റെ ഉശിരോടെ അവൻ സ്കൂളിലേക്ക് പോകാൻ തയ്യാറായി.

# ജീവിതം തോറ്റം പോലെ

സ്നേഹ ഇന്നലെ ഉറങ്ങിയതേ ഇല്ല . മാക്കം തെയ്യം കാണാൻ പോയതായിരുന്നു അവളും അവളുടെ ചേട്ടൻ ഹരിയും . മാക്കത്തിന്റേതു പോലുള്ള ജാതകമാണ് അവൾക്കെന്ന് അവൾ മുൻപേ കേട്ടിട്ടുണ്ട്, പക്ഷെ മാക്കത്തിന്റെ കഥകേൾക്കുന്നതിതാദ്യം . അവളറിയാതെ അവൾ ശ്രദ്ധിക്കുകയായിരുന്നു അല്ല ലയിക്കുകയായിരുന്നു മാക്കത്തിന്റെ തോറ്റത്തിൽ . ആരുടേയും കരളലിയിക്കുന്ന കണ്ണുനിറയ്ക്കുന്ന ഒന്ന് . ചെയ്യാത്ത കുറ്റത്തിന് മരണശിക്ഷ ലഭിച്ച ഒരു പാവം പെണ്ണ് . അവളുടെ കണ്ണ് അവളറിയാതെ നിറയുകയായിരുന്നു , കവിഞ്ഞൊഴുകുകയായിരുന്നു. ആ സ്വപ്നത്തിൽ നിന്നും അവളെ തട്ടിയുണർത്തിയത് ഹരിയായിരുന്നു. തെയ്യം നാളെയാണെന്നും തോറ്റങ്ങൾ കഴിഞ്ഞെന്നും പറഞ്ഞ് അവൻ അവളെയും കൊണ്ട് കാറിൽ വീട്ടിലേക്ക് തിരിച്ചു. രാത്രി മുഴുവൻ അവൾ അതു തന്നെ ആലോചിച്ചിരുന്നു. പുലർന്നതറിഞ്ഞില്ല. ,.അമ്മ വിളിച്ചതറിഞ്ഞില്ല. അവൾ ഏതോ മായാലോകത്തായിരുന്നു. അമ്മ അവളെ വഴക്കു പറഞ്ഞതു കൊണ്ട് തല്ലി എഴുന്നേൽപ്പിക്കുകയായിരുന്നു. അങ്ങനെ അവൾ ആ മായാലോകത്തിൽ നിന്നുണർന്നു.

ദിവസങ്ങൾ കഴിഞ്ഞു , സ്നേഹ പതിയെ തോറ്റം മറന്നു. എന്നാലും മാക്കത്തിന്റെ തോറ്റം എന്ന വാക്ക് ഇപ്പോഴും അവ ളറിയാതെ അവളുടെ മനസ്സിൽ കിടക്കുന്നു. നല്ല മഴയുള്ള ശനിയാഴ്ച വീട്ടിൽ തന്റെ മുറിയിൽ പാട്ടു കേട്ട് ഇരിക്കുകയായിരുന്നു അവൾ. താഴെ മറ്റാരുടേയോ ശബ്ദം ,അവൾ താഴെ ചെന്നു നോക്കി. ചേട്ടന്റെ സുഹൃത്ത് ആദർശ് ഹരിയേട്ടനെ കാണാൻ വന്നതായിരുന്നു. അവളും ഒരുപാട് സംസാരിച്ചു. അങ്ങനെ അവർ പെട്ടെന്ന് സുഹൃത്തുക്കളായി. ഒരിക്കൽ കോളേജ് ക്ലാസ് കട്ട് ചെയ്ത് ഫ്രണ്ട്സിനൊപ്പം സിനിമ കാണാൻ വന്ന സ്നേഹയെ ആദർശ് കണ്ടു. അവൻ അവളേയും കൊണ്ട് ഒരു ഐസ്ക്രീം പാർലറിലെത്തി. അവരവിടെ നിന്നും ഒരു പാട് സംസാരിച്ചു. ആദർശ് അപ്പോഴും അവളെ ക്ലാസ് കട്ട് ചെയ്തതിന് വഴക്ക് പറയുകയായിരുന്നു. അവൾ തനിക്ക് സ്വന്തം അനിയത്തിയേ പോലെ ആണെന്നും ഇനി ഇങ്ങനെ വല്ലതും കണ്ടാൽ വീട്ടിലിയിക്കും എന്നും പറഞ്ഞ് അവർക്ക് ഒരു ഐസ്ക്രീമും വാങ്ങിച്ചു കൊടുത്ത് അവൻ അവളേയും കൊണ്ട് പുറത്തിറങ്ങി. സ്നേഹയുടെ ശത്രുവും അയൽക്കാരിയുമായ അവളുടെ മുൻപത്തെ ക്ലാസ്മേറ്റ് ആതിര കണ്ടു. പിന്നെയുണ്ടായിരുന്ന പ്രശ്നങ്ങൾ ഒരുപാടായിരുന്നു. അതിര അത് ഊതിപ്പെരുപ്പിച്ച് സ്നേഹയുടെ അച്ഛനോട് പറഞ്ഞു. അച്ഛൻ വീട്ടിൽ വന്ന് പ്രശ്നങ്ങളുണ്ടാക്കി. മററ്റൊരു വിവാഹത്തിന് നിർബന്ധിതയാക്കി. പക്ഷെ ഇപ്പോഴേ വിവാഹം കഴിക്കാൻ അവൾ സമ്മതിച്ചില്ല. തങ്ങളുടെ വീടിന് മാനക്കേടുണ്ടാക്കിയ അവളെ അച്ഛനും ചേട്ടനും കൂടെ ചേർന്ന് കൊലപ്പെടുത്തി. ചെയ്യാത്ത കുറ്റത്തിന് വധശിക്ഷ അനുഭവിച്ച അവളുടെ മനസ്സ് ഒരു കാര്യം പൊടിതട്ടി ഉണർത്തിയെടുത്തു. അവളുടെ ഹൃദയം നിലക്കും വരെ ആ ഹൃദയം ആ വാക്കുകൾ മന്ത്രിച്ചു. ചെയ്യാത്ത കുറ്റത്തിന് അവളെ പോലെ വധശിക്ഷ അനുഭവിച്ച മാക്കത്തിന്റേയും മക്കളുടേയും തോറ്റം.

വൈഗ എം

X B

# നിലാവ്

രാത്രിയിൽ ഞാൻ കണ്ടു
മനോഹരിയാം നിലാവേ
എങ്ങും പരന്നു കിടക്കുന്നിതാ
നിൻ ശോഭ .....
നിൻ ശോഭയിൽ പ്രകാശിച്ചിടുന്നിതാ
ലോകം !
രാത്രിയെ മനോഹരമാക്കുന്നു
നീയും നിൻ നക്ഷത്രക്കൂട്ടരും
നിലാവേ..
ആ രമ്യത ഞാൻ ആസ്വദിച്ചിടുന്നു എന്നും
നിന്റെ പ്രകാശത്തിൽ
കുളിരണിയുന്നിതാഎൻ മനം
ഇനിയും ശോഭിച്ചിടട്ടെ  നിൻ മഹിമ

ആവണി  സി
8. A

LITTLE KITES

# കാത്തിരിപ്പ്

നമ്മെ ഏറെ വിഷമിപ്പിക്കുന്നത് കാത്തിരിപ്പാണ്. എന്നാൽ അതിലേറെ നോവുന്നത് കാത്തിരിപ്പ് അവസാനിക്കുമ്പോഴാണ് . നാളേറെയായി നാട്ടിലേക്ക് ചെന്നിട്ട് ഈ അവധിക്കാലത്ത് എങ്കിലും നാട്ടിലേക്ക് ചെല്ലണം കുറെ നാളായി അമ്മു ഒരു ബൊമ്മ വേണമെന്ന് പറയുന്നു. നാട്ടിലേക്കുള്ള ടിക്കറ്റ് എടുക്കാൻ പോകുമ്പോൾ അവൾക്കുള്ള കളിപ്പാട്ടങ്ങളും ഉടുപ്പുകളും മിഠായികളും വാങ്ങാം എന്ന് തീരുമാനിച്ചു. തൻറെ സുഹൃത്തായ സുകുവിന്റെ വണ്ടിയിൽ വണ്ടിയിൽ പോയി സാധനങ്ങൾ വാങ്ങുവാനും ടിക്കറ്റ് ബുക്ക് ചെയ്യുവാനും തീരുമാനിച്ചു. ഇങ്ങനെ ഗൾഫിലുള്ള അർജ്ജുൻ നാട്ടിലുള്ള വല്യപ്പച്ചൻ മഹാദേവനെ വിളിച്ച് താൻ നാളെ ഫ്ലൈറ്റ് കയറും എന്നും മറ്റന്നാൾ നാട്ടിൽ എത്തുമെന്നും തന്നെ കൂട്ടാനായി വിമാനത്താവളത്തിൽ വരണമെന്നും അറിയിച്ചു. മഹാദേവൻ ഈ വിവരം അമ്മുവിനെയും അമ്മുവിന്റെ അമ്മ രമണിയെയും അറിയിച്ചു. അമ്മു അച്ഛനായുള്ള കാത്തിരിപ്പ് ആരംഭിച്ചു.




അധികം വൈകാതെ തന്നെ മഹാദേവന് ഗൾഫിൽ നിന്നും ഒരു കോൾ വന്നു. അർജൻറീന സുഹൃത്തായ ധർമ്മന്റെ കോൾ ആയിരുന്നു അത്. അർജ്ജുൻ ടിക്കറ്റ് ബുക്ക് ചെയ്യാൻ പോയ സുകുവിന്റെ വാഹനം അപകടത്തിൽപ്പെട്ടുവെന്നും അർജ്ജുൻ മരണപ്പെട്ടു എന്നും അയാൾ മഹാദേവനെ അറിയിച്ചു. വിവരമറിഞ്ഞ മഹാദേവൻ നടുങ്ങി.എങ്ങനെ ഈ വിവരം രമണിയേയും അമ്മുവിനെയും അറിയിക്കും . ഏറെ സമയം കഴിഞ്ഞിട്ടും അച്ഛനെ കാണാതെ അച്ഛനെ കാണാതായപ്പോൾ അമ്മു വല്യപ്പച്ചനോട് കാര്യം തിരക്കി അപ്പോഴേക്കും വീട്ടുമുറ്റത്ത് ഒരു ആംബുലൻസ് എത്തി വാഹനത്തിന്റെ ശബ്ദം കേട്ട് രമണിയും അമ്മുവും പുറത്തേക്ക് വന്നു രണ്ടുപേരും കണ്ടത് അർജൻറീന മൃതദേഹം ആയിരുന്നു.അർജ്ജുനനെ കണ്ട ഉടൻ തന്നെ രമണി തളർന്നു വീണു അമ്മുവും

**അഭിമന്യു ടി പി**

8 എ

# ഒരു വിളിയും കാത്ത്

എന്നത്തേയും പോലെ നല്ല മഴയുള്ള ദിവസമായിരുന്നു .രാത്രിയായി ,പതിവു പോലെ ചാരുപടിയിൽ ഇരുന്ന് പുറത്തേക്ക് നോക്കാൻ തുടങ്ങി .അപ്പോഴാണ് അമ്മ അകത്തുനിന്നും വിളിക്കുന്നത് ,"എന്താ നീ അവിടെ ചെയ്യുന്നത് ". രണ്ടു വർഷമായി അച്ഛൻ പോയിട്ട് ,പക്ഷേ ഒരു വിവരവുമില്ല .അതിൽ പിന്നെ എപ്പോഴും ഞാൻ ഇതുപോലെ ചാരുപടിയിൽ ഇരുന്ന് ,അച്ഛനെ പ്രതീക്ഷിച്ച് പുറത്തേക്ക് നോക്കി നിൽക്കും. ഇന്നും അച്ഛൻ വരുമെന്ന് പ്രതീക്ഷയോടെ ഞാനവിടെ ഇരുന്ന് അറിയാതെ ഒന്നു മയങ്ങിപ്പോയി .അപ്പോഴാണ് അമ്മയുടെ വിളി കേട്ടത് .ഞാൻ ഞെട്ടി ഉണർന്നു. എന്നാലും ഞാൻ അകത്തേക്ക് പോയില്ല. ദൂരത്തു നിന്നും ഒരു മിന്നായം പോലെ ഒരാൾ വരുന്നത് ഞാൻ കണ്ടു .അതെന്റെ അച്ഛനാകണമെന്ന് ഞാൻ മനസ്സുകൊണ്ട് പ്രാർത്ഥിച്ചു. പക്ഷേ എന്റെ പ്രതീക്ഷകൾ എല്ലാം തകർന്നു. അടുത്തെത്തിയപ്പോൾ അത് ഒരു അപരിചിതനാണെന്ന് മനസ്സിലായി.അമ്മയെ വിളിക്കാൻ പറഞ്ഞു "എന്റെ പേര് വാസുദേവൻ എന്നാണ് .ഞാൻ വരുന്നത് ചങ്ങനാശ്ശേരിയിൽ നിന്നാണ്." അമ്മ കൗതുകത്തോടെ ചോദിച്ചു ,"നിങ്ങൾക്ക് എന്താണ് വേണ്ടത് "."ഈ കത്ത് നിങ്ങളുടെ കൈവശം ഏൽപ്പിക്കാനാണ് ഞാൻ വന്നത് ഞങ്ങളുടെ കൂടെ ജോലി ചെയ്തിരുന്ന ഒരാൾ ഇവിടെ ഏൽപ്പിക്കാൻ പറഞ്ഞു ഞാൻ പോവുകയാണ് എനിക്ക് വളരെ ദൂരം എത്തേണ്ടതാണ് ". അയാൾ പോയയുടൻ തന്നെ ഞാനും അമ്മയും കൂടി ആ കത്ത് വായിച്ചു അത് എന്റെ അച്ഛൻറെ കത്തായിരുന്നു .എനിക്ക് എന്തെന്നില്ലാത്ത ഒരു സന്തോഷം തോന്നി. അച്ഛൻ കത്തിൽ കുറെ വിശേഷങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. പെട്ടെന്ന് തന്നെ തിരിച്ചുവരുമെന്ന് അച്ഛൻ വാക്ക് തന്നിരുന്നു .ഇപ്പോൾ എനിക്ക് 25 വയസ്സായി 16 വർഷമായി ഞാൻ അച്ഛന് വേണ്ടിയുള്ള കാത്തിരിപ്പിലാണ് ഇനിയും അച്ഛനും വേണ്ടിയുള്ള കാത്തിരിപ്പ് തുടരും

മിഖേല രാജീവ്

# ഏകാകി

എന്തെന്നില്ലാത്ത തണുപ്പുള്ള ദിവസമായിരുന്നു ഇന്ന് .കാലം തെറ്റിയ വസന്തകാലം. കൊച്ചുമകളുമായി കഥകൾ പങ്കുവെക്കുന്ന അമ്മമ്മ .അവർക്ക് ആകെ ഒരു മകനെ ഉണ്ടായിരുന്നുള്ളൂ ,സന്ദീപ് .അവന്റെ ഭാര്യ,ദീപ്തി , അമ്മയുമായി പലപ്പോഴും വഴക്കിടും. കൊച്ചുമക്കൾ അമ്മമ്മയുടെ കൂടെ കളിക്കുന്നത് അവൾക്കിഷ്ടമായിരുന്നില്ല .മകനോട് ഭാര്യ പലപ്പോഴും അമ്മയെ കുറിച്ച് കുറ്റം പറയും .എല്ലാം കേൾക്കുന്ന അമ്മമ്മ , ആരും കാണാതെ കരയുക പതിവാണ് .ഇതെല്ലാം കാണുന്ന കൊച്ചുമകളായ രേവതി അമ്മമ്മയുടെ അടുത്ത് ചെന്ന് സമാധാനിപ്പിക്കും .എല്ലാവരും ഒരുമയോടെ ഒരുമിച്ചിരുന്ന് അത്താഴം കഴിക്കാൻ അമ്മമ്മയ്ക്ക് ആഗ്രഹമുണ്ടെങ്കിലും,ദീപ്തി അമ്മയ്ക്ക് മാത്രമായി ഒരു മേശയിൽ ആഹാരം നൽകും .എപ്പോഴും അമ്മമ്മ ഒറ്റക്കാണ് ആഹാരം കഴിക്കുന്നത്. രേവതിയെ അമ്മമ്മയുടെ കൂടെ കിടക്കാൻ ദീപ്തി അനുവദിച്ചിരുന്നില്ല. എല്ലാം കൊണ്ടും അമ്മമ്മ ഒറ്റപ്പെട്ടു. .എവിടെയെങ്കിലും പോകുമ്പോഴും അമ്മമ്മയെ വീട്ടിൽ പൂട്ടിയിട്ടാണ് പോകാറ്. ദീപ്തിയുടെ നിർബന്ധപ്രകാരം അമ്മമ്മയെ വൃദ്ധസദനത്തിൽ കൊണ്ടാക്കാൻ തീരുമാനിച്ചു. രേവതി വിവരം അമ്മമ്മയോട് പറഞ്ഞു. രേവതി അമ്മൂമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു അവൾക്ക് അമ്മമ്മയെ വളരെ ഇഷ്ടമായിരുന്നു .

മകനും ഭാര്യയും ചേർന്ന് അമ്മമ്മയെ വൃദ്ധസദനത്തിലാക്കി അമ്മമ്മ ഇല്ലാത്ത വീട് അവൾക്ക് ഒരു നരകമായി തോന്നിത്തുടങ്ങി. അമ്മയോടും അച്ഛനോടും പിന്നീട് അവൾ മിണ്ടിയില്ല. രേവതി ഒറ്റയ്ക്കിരുന്ന് ആഹാരം ആഹാരം കഴിച്ചു തുടങ്ങി .അവൾ എല്ലാം ഒറ്റയ്ക്ക് ചെയ്യാൻ തുടങ്ങി .ഇതു കണ്ട് ദീപ്തിക്കും സന്ദീപിനും വിഷമം തോന്നി .എന്താ കാര്യം എന്ന് ചോദിച്ചു .അവളുടെ മറുപടി കേട്ടപ്പോൾ അവർക്ക് അവരെക്കുറിച്ച് പുച്ഛം തോന്നി. കുട്ടിക്കുണ്ടായ തോന്നലും സ്നേഹവും ഒന്നും അവർക്ക് ഇല്ലാതായി പോയല്ലോ എന്ന നിരാശയും തോന്നി .അവർ അന്ന് തന്നെ അമ്മമ്മയെ കൂട്ടി വീട്ടിൽ വന്നു . തന്റെ തെറ്റു മനസ്സിലാക്കിയ ദീപ്തി അമ്മൂമ്മയോട് ക്ഷമ ചോദിച്ചു പിന്നീട് എല്ലാവരും സന്തോഷത്തോടെയും സമാധാനത്തോടുകൂടിയും ജീവിച്ചു

ദിയ രാജ് പി<br>8 എ


ABINRAJ.U
8.D

# त्रं

आपत्समागते यह सहैव तिष्ठंति
जातिमतस्नेहंविना स्निह्यति ।
विजयेषु सन्तोषं प्रकटयति
लक्ष्यप्राप्तै प्रोत्साहयति।।
यह सदैव तोषयति
मम दुखेषु भागों गृह्णाति।
सर्वकार्येषु सहैव तिष्ठंति
छायां इव सदैव चलता।।
स एव मित्रों।

SANANDH A
IX D

LITTLE KITES